"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് -ആരോഗ്യ വകുപ്പ് -ജീവനക്കാര്യം -ആരോഗ്യ വകുപ്പിലെ അസിസ്റ്റന്റ് സർജൻമാരുടെ 2023 വർഷത്തെ പൊതുസ്ഥലംമാറ്റം- ഡോ.മാധവ ശർമ ബിനോയ് .ബി ഫയൽ ചെയ്ത ഒഎ(EKM) 925/2023 നമ്പർ കേസിൽ 22.06.2023 തീയതിയിൽ ബഹു.അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ പുറപ്പെടുവിച്ച ഉത്തരവ് -അനുപാലന ഉത്തരവ് പുറപ്പെടുവിക്കുന്നു

**ആരോഗ്യ കുടുംബക്ഷേമ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.2741/2023/H&FWD തീയതി,തിരുവനന്തപുരം, 19-10-2023

പരാമർശം:-

1. സഉ (സാധ) 1518/2023/ആകുവ തീയതി 26.06.2023
2. സഉ (സാധ) 1518/2023/ആകുവ തീയതി 04.07.2023
3. ഡോ.മാധവ ശർമ ബിനോയ് .ബി സമർപ്പിച്ച അപ്പീൽ അപേക്ഷ
4. ഡോ.മാധവ ശർമ ബിനോയ് .ബി ഫയൽ ചെയ്ത ഒഎ(EKM) 925/2023 നമ്പർ കേസിൽ 22.06.2023 തീയതിയിൽ ബഹു.അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ പുറപ്പെടുവിച്ച ഉത്തരവ്

**ഉത്തരവ്**

ആരോഗ്യ വകുപ്പിലെ അസിസ്റ്റന്റ് സർജൻമാരുടെ 2023 വർഷത്തെ പൊതുസ്ഥലംമാറ്റ ഉത്തരവിൽ, കോഴിക്കോട് ഉള്ളിയേരി സാമൂഹികാരോഗ്യ കേന്ദ്രത്തിൽ അസിസ്റ്റന്റ് സർജനായ ഡോ.മാധവ ശർമ ബിനോയ്. ബി യെ കണ്ണൂർ ജില്ലയിലെ തലശ്ശേരി ജനറലാശുപത്രിയിലേക്ക് സ്ഥലംമാറ്റിയിരുന്നു. പ്രസ്തുത നടപടി ക്രമത്തിനെതിരായി ഡോ.മാധവ ശർമ ബിനോയ്. ബി, പരാമർശം (3) പ്രകാരം അപ്പീൽ അപേക്ഷ സമർപ്പിച്ചിരുന്നു. കൂടാതെ ടിയാൻ ബഹു.അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിനെ സമീപിക്കുകയും ഒഎ(EKM) 925/2023 നമ്പരായി കേസ് ഫയൽ ചെയ്യുകയും ചെയ്തിരുന്നു. ടി കേസിൽ ബഹു ട്രിബ്യൂണൽ പരാമർശം (4) പ്രകാരം പുറപ്പെടുവിച്ച ഉത്തരവിൽ സർക്കാർ രൂപീകരിച്ച അപ്പീൽ കമ്മിറ്റിയോട് ടിയാനെ നേരിൽ കേൾക്കുന്നതിനും ടിയാന്റെ അപ്പീൽ പരിശോധിക്കുന്നതിനും നിർദ്ദേശിച്ചിരുന്നു.

(2) തുടർന്ന് ആരോഗ്യ വകുപ്പിലെ അസിസ്റ്റന്റ് സർജൻമാരുടെ അപ്പീൽ പരിശോധിക്കുന്നതിന് പരാമർശം (1), (2) എന്നിവ പ്രകാരം രൂപീകരിച്ച കമ്മിറ്റി അപേക്ഷകനേയും എതിർ കക്ഷികളേയും നേരിൽ കേൾക്കുകയും അപേക്ഷകന്റെ അപ്പീൽ വിശദമായി പരിശോധിക്കുകയും ഉണ്ടായി. ഡോ.മാധവ ശർമ ബിനോയ്. ബി പൊതുസ്ഥലംമാറ്റ അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്ന സ്റ്റേഷനുകളിലേക്ക് നിയമനം നൽകിയിരിക്കുന്നത് പൊതുസ്ഥലംമാറ്റം സംബന്ധിച്ച മാനദണ്ഡങ്ങൾ കൃത്യമായി പാലിച്ചുകൊണ്ടും സീനിയോറിറ്റിയും വിവിധ വിഭാഗങ്ങൾക്കുള്ള സംരക്ഷണവും പരിഗണിച്ചുകൊണ്ടും ആണ്. എന്നാലും, വയനാട് ജില്ലയിൽ മെഡിക്കൽ ഓഫീസർമാരുടെ കുറവ് അനുഭവപ്പെടുന്ന

സാഹചര്യം പരിഗണിച്ച് വയനാട് തൊണ്ടർനാട് കുടുംബാരോഗ്യ കേന്ദ്രത്തിൽ ഒഴിവുള്ള പക്ഷം ടിയാന്റെ അപേക്ഷ അർഹതക്കനുസരിച്ച് പരിഗണിക്കുന്നതിന് ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് നിർദേശം നൽകുന്നതിന് കമ്മിറ്റി ശിപാർശ ചെയ്യുകയുണ്ടായി.

( 3 ) മേൽപ്പറഞ്ഞ സാഹചര്യത്തിൽ, കമ്മിറ്റിയുടെ ശിപാർശ അംഗീകരിച്ചുകൊണ്ട് വയനാട് ജില്ലയിൽ മെഡിക്കൽ ഓഫീസർമാരുടെ കുറവ് അനുഭവപ്പെടുന്ന സാഹചര്യം പരിഗണിച്ച് വയനാട് തൊണ്ടർനാട് കുടുംബാരോഗ്യ കേന്ദ്രത്തിൽ ഒഴിവുള്ള പക്ഷം ടിയാന്റെ അപേക്ഷ അർഹതക്കനുസരിച്ച് പരിഗണിക്കുന്നതിന് ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് നിർദേശം നൽകി പരാമർശം (3) പ്രകാരം സമർപ്പിച്ച അപ്പീൽ അപേക്ഷ തീർപ്പാക്കി പരാമർശം (4) പ്രകാരമുള്ള ബഹു.അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഉത്തരവ് അനുപാലിച്ചുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SREEJITH V P
ജോയിന്റ് സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ കേരള, തിരുവനന്തപുരം(ആമുഖക്കത്ത് സഹിതം)
ആരോഗ്യ വകുപ്പ് ഡയറക്ടർ ,തിരുവനന്തപുരം
ഡോ.മാധവ ശർമ ബിനോയ് .ബി ,അസിസ്റ്റന്റ് സർജൻ , സാമൂഹികാരോഗ്യ കേന്ദ്രം, ഉള്ളിയേരി,കോഴിക്കോട്
ഡോസരിത പുരുഷോത്തമൻ ,അസിസ്റ്റന്റ് സർജൻ ,പ്രാഥമികാരോഗ്യ കേന്ദ്രം കൊളത്തൂർ ,കോഴിക്കോട്
ഡോ.നിത്യ കെ.എസ് ,അസിസ്റ്റന്റ് സർജൻ ,പ്രാഥമികാരോഗ്യ കേന്ദ്രം, ഇരിവള്ളൂർ ,കോഴിക്കോട്
സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം
Signed by
R Renuka
സെക്ഷൻ ഓഫീസർ
Date: 20-10-2023 16:20:46

**മേലെഴുത്ത് നം: ഇ.എ2-13130/2023/ആ.വ.ഡ തീയതി 21.10.2023**

സർക്കാർ ഉത്തരവിന്റെ പകർപ്പ് ബന്ധപ്പെട്ട ജീവനക്കാരുടെ അറിവിലേക്കും, അനന്തര നടപടികൾക്കും വെബ്സൈറ്റ് പ്രസിദ്ധീകരണത്തിനുമായി നൽകുന്നു.

ആരോഗ്യവകുപ്പ് ഡയറക്ടർക്കു വേണ്ടി